II ഇ.ബി. XII കേരള നിയമസഭ/IX-5

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

2008 ഡിസംബർ 1തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

15 (*151) മൃഗാശുപത്രികളുടെ നവീകരണം

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ മൃഗാശുപത്രികൾ നവീകരിക്കുന്നതിന്റെ ഭാഗമായി 'മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും', 'മൃഗാശുപത്രികളുടെ സേവനങ്ങൾ ശക്തിപ്പെടുത്തൽ' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. 97.9 ലക്ഷം രൂപ രോഗനിർണ്ണയ ലാബുകൾ ശക്തിപ്പെടുത്തുന്നതിനും 25 ലക്ഷം രൂപ ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ ജില്ലാ റഫറൽ യൂണിറ്റുകളായി വികസിപ്പിക്കുന്നതിനും 14 ലക്ഷം രൂപ മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിനുള്ള ചെലവിനായും 30 ലക്ഷം രൂപ സ്വന്തമായി കെട്ടിടമില്ലാത്ത പഞ്ചായത്തുകളിൽ മൃഗാശുപത്രികൾ പണിയുന്നതിന് ധനസഹായം നൽകുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. മൃഗസംരക്ഷണവകുപ്പിന്റെ

കീഴിലുള്ള ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേയ്ക്ക് ആവശ്യമായ എല്ലാ മരുന്നുകളും വാങ്ങുന്നതിന് പര്യാപ്തമായ തുക വാർഷിക ബഡ്ജറ്റിൽ വകയിരുത്താറില്ല. മരുന്നുകൾ പൂർണ്ണ അളവിൽ വാങ്ങുന്നതിന് വേണ്ടിവരുന്ന 16 കോടിയോളം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതാണ്. 2007-08-ൽ മരുന്നിനായി 374.24 ലക്ഷം രൂപ നീക്കിവച്ചതിൽ ഏകദേശം 364 ലക്ഷം രൂപയ്ക്ക് മരുന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. മൃഗാശുപത്രികളിൽ ലഭ്യമാകുന്ന മരുന്നുകളുടെ ലിസ്റ്റ് പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 2008-2009-ൽ കേരളാ സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2981 കേന്ദ്രങ്ങളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കൊല്ലം ജില്ലകളിൽ കന്നുകാലികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അതനുസരിച്ച് കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും മൃഗാശുപത്രികളിലെ സൗകര്യവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ 9 ജില്ലകളിൽ ഇപ്പോൾ സഞ്ചരിക്കുന്ന മൃഗാശുപത്രികളുണ്ട്; അവ കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. കന്നുകാലികളെ കൂടാതെ പക്ഷി, കോഴി, താറാവ് എന്നിവയുടെ രോഗപ്രതിരോധ കുത്തിവയ്പ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മാതൃകാ ലൈവ് സ്റ്റോക്ക് വില്ലേജ് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഒരു വെറ്ററിനറി സർവ്വകലാശാല

സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കുട്ടനാട് മേഖലയിൽ ബോട്ടുകളിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രികൾ പുന:സ്ഥാപിക്കാൻ നിർദ്ദേശം നൽകുന്നതാണ്. തിരുവനന്തപുരത്തും എറണാകുളത്തും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ രണ്ട് മൃഗാശുപത്രികൾ പ്രവർത്തിപ്പിക്കുന്നതാണ്. ഇപ്പോൾ ഏഴ് ചെക്ക്പോസ്റ്റുകളിൽ രോഗപരിശോധനാ യൂണിറ്റുകളുണ്ട്. അത് എല്ലാ ചെക്ക്പോസ്റ്റുകളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കന്നുകാലി രോഗനിർണ്ണയത്തിനുള്ള ടെലി പത്തോളജി യൂണിറ്റുകൾ വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. കോന്നി മൃഗാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് വരുന്ന ബഡ്ജറ്റ് അലോട്ട്മെന്റിൽ ഉൾപ്പെടുത്താനായി ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ മൃഗാശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. നേമത്ത് പ്രവർത്തിക്കുന്ന വെറ്ററിനറി ഹോസ്പിറ്റൽ പോളി ക്ളിനിക്കാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. മൃഗ ഡോക്ടർമാരുടെ ഒഴിവുകളിൽ പി.എസ്.സി. അഡ്വൈസ് ചെയ്തവരെ മുഴുവൻ നിയമിച്ചിട്ടുണ്ട്. കൂടാതെ റിട്ടയർ ചെയ്തവരെ കോൺട്രാക്റ്റ് ബേസിസിൽ നിയമിച്ച് അവരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്. മൃഗാശുപത്രികളിൽ മുഴുവൻ സമയ സേവനവും ഇപ്പോൾ ലഭ്യമാണ്. മരമടി തുടങ്ങിയ മൽസരങ്ങൾ നിരോധിച്ചുകൊണ്ട് സംസ്ഥാന ഗവണ്മെന്റ് യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. ഗുണഭോക്താക്കൾ, ഡോക്ടർമാർ, ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് അന്യ സംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെ തെരഞ്ഞെടുത്ത് വാങ്ങുന്നത്. സബ് സെന്ററുകളിൽ മരുന്ന്

ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നതിനെക്കുറിച്ച് സജീവമായി പരിഗണിക്കുന്നതാണ്. മിൽക്ക് ഷെഡ് പ്രോഗ്രാം അനുസരിച്ച് 1000 എരുമകളെ വാങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്. കുളത്തൂപ്പുഴ കേന്ദ്രമാക്കി ഒരു ഹൈടെക് ഡയറി യൂണിറ്റ് ആരംഭിക്കുന്നതാണ്. ഇടുക്കിയിൽ എൻ.ആർ.ഐ. സഹായത്തോടുകൂടി മൂന്ന് ഹൈടെക് ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പ്ളാനിംഗ് ബോർഡിന്റെ പരിശോധന കഴിഞ്ഞതായും വയനാട് നിലവിലുള്ള ഡയറിഫാം ആധുനിക സജ്ജീകരണങ്ങളോടെ പുന:സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

16(*152) <u>സൈബർ സിറ്റി</u>

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, കളമശ്ശേരിയിൽ ബ്ളൂ സ്റ്റാർ റിയൽറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി എച്ച്.ഡി.ഐ.എൽ. സൈബർ സിറ്റി എന്ന പേരിൽ ഒരു ഐ.ടി.പാർക്ക് തുടങ്ങാൻ വേണ്ടി അപേക്ഷ നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഐ.ടി. പാർക്കിന് 'സെസ്സ്' ലഭിക്കുന്നതിനുള്ള അപേക്ഷയും ലഭിച്ചിട്ടുണ്ട്. ഭൂമി സംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ്സുകൾ തീർപ്പായശേഷം മാത്രമേ മേൽ നടപടികൾ സ്വീകരിക്കുകയുള്ളൂ. ഇതു സംബന്ധിച്ച സർക്കാർ നിലപാട് സത്യവാങ്മൂലം ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്. കോടതി

തീരുമാനമനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ഭൂ പരിഷ്കരണ നിയമത്തിൽ നിന്ന് എച്ച്.എം.ടി.-യെ എക്സെംപ്റ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ബ്ളൂസ്റ്റാർ റിയൽറ്റേഴ്സ് കമ്പനിക്ക് എക്സംപ്ഷൻ കൊടുത്തിട്ടില്ല. ഇതു സംബന്ധിച്ച തർക്കമാണ് കോടതി പരിശോധിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ സർക്കാരിന് വ്യക്തമായ നിലപാടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഐ.ടി. മേഖലയിൽ 9000-ത്തിലധികം തൊഴിലവസരങ്ങൾ നൽകിയിട്ടുണ്ട്. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായി ഐ.ടി. മേഖലയിൽ ഉൽപ്പാദനരംഗത്തും തൊഴിൽ രംഗത്തുമുണ്ടായിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്താൻ സി.ഡി.എസ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

17(*153&*154) <u>പറമ്പിക്കുളം അളിയാർ നദീജല കരാർ</u>

മുഖ്യമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, പറമ്പിക്കുളം-അളിയാർ പ്രോജക്ട് സംബന്ധിച്ച കരാർ 1988-ൽ പുനരവലോകനം ചെയ്യേണ്ടതായിരുന്നുവെന്നും പുനരവലോകന ചർച്ച പൂർത്തിയാകാത്തതുകൊണ്ടാണ് കരാർ പുതുക്കാത്തതെന്നും സഭയെ അറിയിച്ചു. കരാർ പുനരവലോകനം സംബന്ധിച്ച ചർച്ചകൾ ഇരുസംസ്ഥാനങ്ങളും തമ്മിൽ നടന്നുവരികയാണ്. 30-05-2008-ന് തിരുവനന്തപുരത്ത് വച്ചു നടന്ന കേരള-തമിഴ്നാട് ചീഫ് സെക്രട്ടറിതല ചർച്ചയിൽ കേരളം പ്രധാനമായും മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

മൂലത്തറ റെഗുലേറ്ററിന്റെ വലതുകര കനാലിന്റെ ആയക്കെട്ട് പ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതിനും പ്രളയജലം സംഭരിക്കാൻ സാധ്യമല്ലാത്തതുകൊണ്ടും കോണ്ടൂർ കനാലിലൂടെ നഷ്ടപ്പെടുന്ന ജലത്തിനു പകരം കരാർ പ്രകാരം മണക്കടവ് വിയറിലുള്ള കേരളത്തിന്റെ വാർഷിക ജലവിഹിതമായ 7.25 Tmc ft നോട് നാല് Tmc ft കൂടി ചേർത്ത് വർദ്ധിപ്പിക്കുക;

രേഖപ്പെടുത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഷോളയാർ ബേസിനിലുള്ള അധിക ജല ലഭ്യത കേരളവുമായി പങ്കുവയ്ക്കുക;

എല്ലാ വർഷവും കേരളത്തിന് പറമ്പിക്കുളം സബ് ബേസിനിൽ നിന്നുള്ള ജലലഭ്യത ഉറപ്പു വരുത്തുവാൻ 16.5 Tmc ft എന്ന threshold പ്രായോഗികമായി താഴ്ത്തുക;

പി.എ.പി കരാർ അനുസരിച്ച് കേരളത്തിന് വിട്ടുകിട്ടാനുള്ള കെട്ടിടങ്ങൾ വിട്ടുതരിക;

കേരളത്തിനകത്ത് സ്ഥിതി ചെയ്യുന്ന പറമ്പിക്കുളം അളിയാർ പ്രോജക്ടിനു കീഴിലുള്ള സ്ട്രക്ച്ചറുകളുടെ നിയന്ത്രണം കേരളത്തിനു വിട്ടുതരിക;

തീരുമാനങ്ങൾ എടുക്കുന്നതിനും അവ വേഗത്തിൽ നടപ്പിലാക്കുന്നതിനും വേണ്ടി ജെ. ഡബ്ള്യൂ. ആർ ബോർഡിന്റെ നിലവാരം ഉയർത്തുകയും ബോർഡിന് കൂടുതൽ അധികാരങ്ങൾ നൽകുകയും ചെയ്യുക.

തമിഴ്നാട് സർക്കാർ നടത്തിയ കരാർ ലംഘനങ്ങൾ വീണ്ടും കേരളം തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇരു സംസ്ഥാനങ്ങളും അവരുടെ വാദമുഖങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരണക്കുറിപ്പ് കൈമാറാൻ ധാരണയായതിന്റെ അടിസ്ഥാനത്തിൽ തുടർചർച്ചകൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരാറിന്റെ പ്രാരംഭത്തിൽ പാരാ 5 (എഫ്)-ൽ കരാർ സംബന്ധിച്ച് അഭിപ്രായസമന്വയം ഉണ്ടാകാതിരിക്കുകയോ തർക്കമോ സംശയമോ ഉണ്ടാകുന്നപക്ഷം ആർബിട്രേഷനു വിടാൻ വ്യവസ്ഥയുണ്ട്. നിയമ നടപടികൾക്കു പോയാലു ണ്ടാകാവുന്ന കാലതാമസം പരിഗണിച്ചാണ് കേരളം ചർച്ചകളിലൂടെ

പുനരവലോകനം നടത്തുവാൻ ശ്രമിക്കുന്നത്. കരാർപ്രകാരം അർഹതപ്പെട്ട ജലം സമയാസമയങ്ങളിൽ ലഭ്യമാക്കാൻ ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം പദ്ധതിപ്രദേശത്ത് ഒഴിവുള്ള മുഴുവൻ തസ്തികകൾ നികത്തുകയും അവിടെ സേവനമനുഷ്ഠിക്കുന്നവർക്ക് അധിക ഇൻസെന്റീവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറിൽ നിന്ന് വിട്ടുകൊടുത്തിരുന്ന ജലം വരൾച്ചയെത്തുടർന്ന് ചില സാങ്കേതിക കാരണങ്ങളാലാണ് 10-1-04-ൽ നിർത്തലാക്കിയത്. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് കരാറിന് വിധേയമായി മാത്രമേ തമിഴ്നാടിന് വെള്ളം കൊടുക്കുകയുള്ളൂ. പുനരവലോകനചർച്ച ഫലപ്രദമല്ലെന്ന് വന്നാൽ ആർബിട്രേഷൻ അടക്കമുള്ള മറ്റു നിയമ നടപടികളിലേയ്ക്ക് പോകുന്ന കാര്യം ആലോചിക്കുന്നതാണ്. ചിറ്റൂർ മേഖലയിലെ കാർഷികാവശ്യത്തിനുള്ള ജലത്തിനായി മൂലത്തറ റൈറ്റ് ബാങ്ക് കനാലിന്റെ നീളം വർദ്ധിപ്പിച്ച് കൂടുതൽ ആയക്കെട്ട് എരിയയിലേയ്ക്ക് വെള്ളമെത്തിക്കാനുള്ള ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്; പി.എ.പി. കരാറിന്റെ അനുമതിക്ക് വിധേയമായി ആ പ്രവൃത്തി ചെയ്യുന്നതാണ്.

18(*155) <u>വഴിയോര തണൽ പദ്ധതി.</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്തത്തോടെ വനംവകുപ്പ് നടപ്പിലാക്കുന്ന വഴിയോര തണൽ പദ്ധതി

പ്രകാരം 2007-08-ൽ നട്ടുപിടിപ്പിച്ച 92,226 തൈകളിൽ 48.21 ശതമാനം അതിജീവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് സഭയെ അറിയച്ചു. ട്രീ ഗാർഡുകൾ ഉണ്ടായിരുന്നിട്ടും നശിച്ചുപോയ തൈകൾക്ക് പകരം കൂടുതൽ വളർന്ന 34557 പുതിയ തൈകൾ 2008-09 വർഷത്തിൽ അതേ ട്രീ ഗാർഡുകൾക്കുള്ളിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2008-09-ൽ 10493 തൈകൾ പുതിയതായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. നട്ടുവളർത്തുന്ന വൃക്ഷത്തൈകളുടെ പരിചരണവും പരിപാലനവും അതാത് സ്ഥലങ്ങളിലെ ചുമട്ടുതൊഴിലാളികൾ ഉൾപ്പെടുന്ന പ്രാദേശിക സംരക്ഷണ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. തൈകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് പരമാവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഞ്ഞിലി, പ്ലാവ്, മാവ്, കശുമാവ്, പുളി, കുടംപുളി, തേമ്പാവ്, കണിക്കൊന്ന, അക്രാന്ത, മരുത്, പൂമരുത്, ഉങ്ങ്, മഹാഗണി, മഴമരം, ബേർഡ് ചെറി, സ്പാത്തോടിയ, ടക്കോമ, അരണമരം, ആൽ എന്നീ ഇനങ്ങളിലുള്ള വൃക്ഷത്തൈകളാണ് ഈ പദ്ധതിക്കുവേണ്ടി ലഭ്യമാക്കിയിട്ടുള്ളത്. 2007-08, 2008-09 വർഷങ്ങളിലായി ഇതുവരെ 27,18,192 രൂപ ഈ പദ്ധതിക്കായി ചെലവായിട്ടുണ്ട്. എൻ.ആർ.ഇ.ജി.-യുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹായത്തോടുകൂടി വഴിയോര തണൽ പദ്ധതി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ സ്വീകരിക്കാറുണ്ടെന്ന് ഒരു ഉപ ചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 164 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.)